# കുക്ക് ആൻഡ് സെർവ്

നിരഞ്ജൻ

# കുക്ക് ആൻഡ് സെർവ്
നിരഞ്ജൻ
(മലയാളം: കവിത)

© 2021, Niranjan

The electronic versions have been created by making use of the production infrastructure of River Valley Technologies.

The electronic versions were generated from sources marked up in LaTeX in a computer running GNU/LINUX operating system. PDF was typeset using XeTeX from TeXLive 2020 and the cloud framework, Ithal (ഇതൾ). The base font used was traditional script of Rachana, contributed by KH Hussain, et al. and maintained by Rachana Institute of Typography. The font used for Latin script was Linux Libertine developed by Philipp H. Poll.

The electronic versions are released under the provisions of Creative Commons Attribution Non-commercial ShareAlike license for free download and usage.

The Farmer's Kitchen, a painting by Ivan le Lorraine Albright. The image is taken from Wikimedia Commons and is gratefully acknowledged.

**Sayahna Foundation**
JWRA 34, Jagathy, Trivandrum, India 695014
URL: www.sayahna.org

# ഉള്ളടക്കം


1 തീവണ്ടിവാർത്തയാത്ര . . . . 4

2 താരദമ്പതികൾക്ക് സംഭവിക്കാവുന്നത്... . . . . 5

3 തീവണ്ടിയുമ്മ . . . . . 6

4 കുക്ക് ആൻഡ് സെർവ്. . . . 7

5 സിൻഡ്രലാ. . . . . 8

1

# തീവണ്ടി വാർത്ത യാത്ര



ചെറുതുരുത്തി കഴിഞ്ഞ്
പുഴയെത്താറാവുമ്പോൾ
ഷൊർണൂരിറങ്ങാൻ
വാതിലിന്റട്ത്ത്
കസവുചുരിദാറിട്ട നിലാവ്

ടോയ്‌ലറ്റിൽ നിന്നിറങ്ങിപുകയൂതിവിട്ട്
വേച്ചുവേച്ചു പുറത്തേക്കുവന്ന
കോട്ടയത്തുന്ന കേറിയ ഇരുട്ട്

'അനാഘ്രാതകുസുമമാണു സാർ'
അച്ചടിമലയാളമാണ്
കൂട്ടിക്കൊടുത്തത്...

പിന്നെ
പുഴ നിറയെ
വാർത്തയായിരുന്നു...

## 2

# മാരഭാര്യതിക്കുൾക്കു് സംഭവിക്കാവുന്നത്

നീ ചെമ്മീനിലഭിനയിച്ച
കാലമോർക്കുകയായിരുന്നു ഞാൻ...
നാട്ടിക ബീച്ചിന്റെ
അടിവയറ്റിലുമ്മവെച്ചുകൊണ്ട്
കടൽ പറഞ്ഞു...
ഷീലക്കണ്ണുകളുടെ മീൻപെടപ്പ്
മധുവിന്റെ ഉറുമാൽ കെട്ടിയ കുരുവിക്കൂട്ട്
അവരുടെ പ്രണയം
ചതുക്കിപ്പിതുക്കി നടന്നു പോയ
നിന്റെ കവിളുകൾ
ഓരോ ഷോട്ട് കഴിഞ്ഞും
ഞാൻ തഴുകിക്കൊണ്ടേയിരുന്നത്...

കരയാകെ ഒന്നുലഞ്ഞുചിരിച്ചു...
പിന്നെയെന്തോ
ഇടവപ്പാതിയുടെ ചുടുനനവുള്ള നെടുവീർപ്പിട്ട്
ഇരുണ്ടുകൂടി വിഷാദിച്ചു
എന്റെ ചന്തമൊക്കെപ്പോയി പൊന്നേ
നീയോ... ദ്വീപിലെ ജോസിന്റെ കൂടെ
തലത്തിന്റെ പാട്ടിനൊപ്പം
അന്നൊക്കെ അഭിനയിച്ചപോലെത്തന്നെ
ഇപ്പോഴും ചെറുപ്പമായിട്ടിരിക്കുന്ന
നിത്യഹരിതനായകൻ...

കടൽ പ്രേംനസീറായി...
ഞാൻ ചെറുപ്പമായിട്ടിരിക്കുന്നത്
നിനക്കുവേണ്ടിയല്ലേ...
പിന്നെയീ ദ്വീപുകൾ...
പാവങ്ങൾക്കെല്ലാം കൂടി
ഞാനൊരു കടലല്ലേയുള്ളൂ...
മണ്ടിപ്പെണ്ണേ...!
ഷൊർണൂരിൽ മഴയത്ത്...
വിരഹത്തിന്റെ ഞാറ്റുവേലകളിൽ
കിതച്ചുകൊണ്ടോടിവന്ന
ഞായറാഴ്ചത്തീവണ്ടികൾ
സ്റ്റേഷനിൽ നില്പുണ്ട്

തിരിമുറിയാതെ പെയ്യുന്ന
തിരുവാതിരമഴയിലേക്ക്
ഓർമ്മയുടെ കമ്പാർട്ട്മെന്റുകൾ
ചില്ലുകണ്ണുകൾ തുറക്കുന്നുണ്ട്
വൈകിയെത്തിയ ധൻബാദിന്റെ
S1 കോച്ചിലൊരുവൾ
രൂപമില്ലാത്തൊരു ബാഗിൽ നിന്ന്
ഒരൊഴിഞ്ഞ സിഗററ്റുകൂടെടുത്ത്
മണം പിടിക്കുന്നുണ്ട്
കണ്ണൂർ ഫാസ്റ്റിലേക്ക്
ഓടിക്കയറുന്ന ഒരാൾ
ചുരുട്ടിയ ആഴ്ച്ചപ്പതിപ്പിൽ
ഒരു വാടിയ മുല്ലമാല
തിരുകിവെച്ചിട്ടുണ്ട്
കോയമ്പത്തൂർ പാസഞ്ചറിലിരുന്ന്
വാട്ടിപ്പൊതിഞ്ഞ
ഇഡ്ഡലികളിലൊരാൾ
പൂവിനെയെന്ന പോലെ
തൊട്ടുനോക്കുന്നുണ്ട്

മുല്ലപ്പൂവിനും സിഗററ്റുകുടിനും ഇഡ്ഡലിക്കും
ഇപ്പോൾ ഒരേ മണമാണ്
നിർത്താതെ പെയ്യുന്ന പ്രണയത്തിലും
ഒരു തീവണ്ടിയിൽ അടച്ചുമൂടി-
യിരിക്കേണ്ടിവരുന്ന
ജീവിതത്തിന്റെ മണം...

# 3

## തീവണ്ടിയുമ്മ

ഒരേ പാളത്തിലെന്നറിഞ്ഞുള്ള
നെഞ്ചിടിപ്പോടെ
രണ്ടു ബോഗികൾ ഉമ്മവെയ്ക്കുമ്പോൾ
അതുവരെ തേഞ്ഞതിന്റെ
എല്ലാം ചേർത്തെന്നപോലെ
ചക്രങ്ങളുടെ ഒരു തേങ്ങിക്കരച്ചിലുണ്ട്...!

## 4

# ചുണ്ടിൽ അനുഭവിച്ച സ്വർഗ്ഗം

വഴന്ന ഉള്ളിയുടെ നിറം
മല്ലി മൂപ്പിച്ച മണം
കടുകുപൊട്ടിയമരുന്ന ശബ്ദം
ചപ്പാത്തിമാവിന്റെ മയം
ഉള്ളം കയ്യിൽ ഇറ്റിച്ചുനോക്കിയ
ഉപ്പ്, എരിവ്, പുളി, മധുരം
അടുക്കളയിലെ ആണറിവുകൾ,
ഇന്ദ്രിയജ്ഞാനങ്ങൾ...

നാം പകുത്ത അടുക്കളയിൽ
അറുനൂറ്റിമുപ്പത് കിലോഹെർട്സിലെ
തൃശ്ശൂർ നിലയത്തിനൊപ്പം
നമുക്കിടയിലുണ്ടായിരുന്ന
ആറാമിന്ദ്രിയങ്ങളുടെ
തരംഗദൈർഘ്യങ്ങൾ,
ആവൃത്തികൾ, അനുനാദങ്ങൾ...

കുക്കറിലെ ബിരിയാണിക്കുട്ടിൽ
മലമ്പുഴ ഡാമിലെ
ജലനിരപ്പടയാളമോർത്തുകൊണ്ട്
ഒരാൾ വെള്ളത്തിന്റെ
വിരലളവെടുക്കുമ്പോൾ
മറ്റയാൾ റോപ് വേയിലെ
ഒരു കിനാവിൽ സഞ്ചരിച്ചുചിരിക്കുകയും
പിന്നെ ഒന്നിച്ചൊരു ബൈക്കിൽ
മഴകൊണ്ട് ഒലവക്കോട്ടേക്കു പോകുന്ന
ചറപറാപെയ്യുന്ന ചിരിയിൽ
പരസ്പരം നനഞ്ഞൊട്ടുകയും ചെയ്യുന്ന
അതീന്ദ്രിയാത്ഭുതങ്ങൾ

കാണാതെയും കേൾക്കാതെയും
തൊടാതെയും രുചിക്കാതെയും
ആവിയടങ്ങാൻ കാത്ത്
ഇരുന്നു വിങ്ങുന്ന നേരങ്ങളിൽ
നമുക്കിടയിൽ നിറയുന്ന
മുരിങ്ങടെലെൽശ്ശേരിയിൽ[1]
ഉള്ളി വറുത്തിടുന്ന മണമാണ്
ലോകത്തിലെ
ഏറ്റവും കാല്പനികമായ മണം...!

---

1. മുരിങ്ങയില എരിശ്ശേരി.

## 5

# സിൻഡ്രലാ

മഴയും നിലാവും ചേർന്ന് ഇഴനെയ്തെടുത്ത
കണ്ണാടിയലുക്കുകൾ വകഞ്ഞു മാറ്റി
നീ കയറിവന്നത്, ഒരു നിമിഷം
ലജ്ജിച്ചു നിന്നത് ഓർമ്മയുണ്ട്

മന്ത്രവിദ്യയാലെന്ന പോലെ
ഉടുപ്പൊന്നുമുലയാതെ, നനയാതെ
എങ്ങനെ എന്നതിശയപ്പെടുമ്പോഴേക്കും
മഴയും നിലാവും നിറഞ്ഞ കണ്ണുകളുയർത്തി
നീ നോക്കിയതും ഓർമ്മയുണ്ട്

പാതിര വരെ നൃത്തം ചെയ്ത്
എങ്ങോ മറഞ്ഞുപോയ
കവിതയുടെ രാജകുമാരീ...

സ്വപ്നമായിരുന്നോ
എന്നത്ഭുതപ്പെടുമ്പോൾ
നീ മറന്നിട്ടുപോയ
വാക്കിന്റെ ഒറ്റച്ചെരുപ്പിൽ
പ്രഭാതസൂര്യന്റെ വജ്രത്തിളക്കം...!

□

# നിരഞ്ജൻ

പാലക്കാട്ട് അടയ്ക്കാപുത്തൂരിൽ ജനനം.
മറൈൻ എൻജിനീയർ, വിവാഹിതൻ.

കലിഗ്രഫി: എൻ. ഭട്ടതിരി

ചിത്രങ്ങൾ: വി. മോഹനൻ

RIVER VALLEY
DIGITAL LIBARY
*empowering the author ...*

- “റിവർ വാലി പ്രസ്” എന്ന ലേബലിൽ, സായാഹ്ന ആറു മാസത്തിലൊരിക്കൽ മുൻനിര എഴുത്തുകാരുടെ ഇരുപത് പുസ്തകങ്ങൾ വീതം ഡിജിറ്റൽ പ്രസാധനം നടത്തുന്നു. ഈ സേവനത്തിന്റെ വാർഷിക വരിസംഖ്യ:

| രാജ്യം | കറൻസി | വരിസംഖ്യ |
|---|---|---|
| ഇന്ത്യ<br>(119 വീതം ആറു മാസത്തിലൊരിക്കൽ) | രൂപ | 238 |
| യുഎസ്, കാനഡ | യുഎസ് ഡോളർ | 10 |
| യൂറോപ് | യൂറോ | 10 |
| മറ്റു വികസിത രാഷ്ട്രങ്ങൾ | യുഎസ് ഡോളർ | 10 |
| ഖത്തർ | റിയാൽ | 20 |
| യുഎഇ | ദിർഹം | 20 |
| സൗദി അറേബ്യ | റിയാൽ | 20 |
| കുവൈറ്റ് | ദിനാർ | 2 |
| ഒമാൻ | ദിനാർ | 2 |
| ബഹ്റിൻ | ദിനാർ | 2 |
| മലേഷ്യ | റിങ്ങിറ്റ് | 25 |

- പ്രസാധകരുടെ നിരന്തരപ്രോത്സാഹനത്തിനു വിധേയരായിക്കൊണ്ടിരിക്കുന്ന എഴുത്തുകാരെ ശക്തിപ്പെടുത്തുക, നല്ല വായനാവിഭവങ്ങൾ ചെറുതുകയ്ക്കു വായനക്കാർക്കു ലഭ്യമാക്കുക, ഇന്റർനെറ്റിനെയും സാങ്കേതിക മുന്നേറ്റത്തെയും സാംസ്കാരികവളർച്ചയ്ക്ക് ഉപയോഗിക്കുക എന്നിവയാണ് പ്രധാനലക്ഷ്യങ്ങൾ.
- എല്ലാതരം സ്മാർട്ട്ഫോണുകളിലും വായിക്കുവാൻ പറ്റിയ തരത്തിലാണ് ഉള്ളടക്കം ലഭ്യമാക്കുക.
- ഈ പദ്ധതിയിൽ താല്പര്യം തോന്നുന്നുവെങ്കിൽ ഇവിടെ രജിസ്റ്റർ ചെയ്യുക. (രജിസ്റ്റർ ചെയ്യുമ്പോൾ പണം/കാർഡ് വിവരങ്ങൾ നല്കേണ്ടതില്ല.)
- കുടുംബാംഗങ്ങൾക്ക്/സുഹൃത്തുക്കൾക്ക് സമ്മാനം രജിസ്റ്റർ ചെയ്യുക.
- കൂടുതൽ വിവരങ്ങൾ അറിയാൻ:
  1. ഡിജിറ്റൽ പ്രസാധനനയം
  2. സായാഹ്നയെക്കുറിച്ചു അറിയുക
  3. Who’s who
  4. സായാഹ്ന ഫോൺ പിഡിഎഫുകൾ
  5. സായാഹ്ന ഗ്രന്ഥശേഖരം
  6. സായാഹ്ന വിക്കി
- പ്രതികരണങ്ങൾ <info@sayahna.org> എന്ന ഇമെയിലിലേയ്ക്ക് അയയ്ക്കുക.

സായാഹ്ന ഫൗണ്ടേഷൻ, ജഗതി, തിരുവനന്തപുരം
695014